ഇവരെ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായ സ്ഥിരം ഒഴിവിൽ പി. എസ്. സി. വഴി നിയമനം ലഭിച്ചവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(എച്ച്) വകുപ്പിൽ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം/തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരായി 14 പേരുണ്ട്. നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരായി മൂന്നുപേരുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം നിയമനങ്ങളിൽ പാലിക്കുവാനുള്ള നിർദ്ദേശം ഭൂജലവകുപ്പു ഡയറക്ടർക്ക് നൽകുന്നതാണ്.

(ഐ) ടി കാലയളവിൽ പി. എസ്. സി. മുഖാന്തിരം നിയമനം ലഭിച്ചവരുടെ പേരുവിവരം (ബി) വിഭാഗത്തിന്റെ ഉത്തരമായി നൽകിയിട്ടുണ്ട്.

(ജെ) ഹൈഡ്രോളജി പ്രോജക്ടിൽ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റുകൾ ആരും തന്നെ ഇല്ല.

(കെ) ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിൽ ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെയില്ല. ഒഴിവുകൾ ഉണ്ടാവുമ്പോൾ മാത്രമേ പി. എസ്. സി. വഴിയുള്ള നിയമനം പരിഗണിക്കാൻ കഴിയൂ.

സ്വജൽധാര, ജലനിധി പദ്ധതികൾ

77 (969) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വജൽധാര, ജലനിധി പദ്ധതികൾ എത്ര പഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന കാര്യം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി അപേക്ഷിക്കാത്ത എത്ര പഞ്ചായത്തുകളും നഗരസഭകളുമുണ്ട് ;

(സി) രണ്ട് പദ്ധതികളും ഒരുമിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടാവുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വജൽധാരാ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം നാളിതുവരെ 148 ഗ്രാമപഞ്ചായത്തുകളിലും 2 ബ്ലോക്ക് പഞ്ചായത്തുകളിലുമായി 554 പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അതിൽ 22 ഗ്രാമപഞ്ചായത്തുകളിലെ 120 പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കെ. ആർ. ഡബ്ല്യു. എസ്. എ. വഴി നടപ്പാക്കുന്ന ജലനിധി പദ്ധതി 2006 വരെയുള്ള കാലഘട്ടത്തിൽ ഏകദേശം 100 പഞ്ചായത്തുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സ്വജൽധാര പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ 991 ഗ്രാമ പഞ്ചായത്തുകളിൽ 843 പഞ്ചായത്തുകളും അപേക്ഷ സമർപ്പിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം സ്വജൽധാരാ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ മാത്രം നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ നഗരസഭയ്ക്ക് പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയില്ല.

ഘട്ടം ഘട്ടമായി നടപ്പാക്കുന്ന ജലനിധി പദ്ധതി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ടത്തിൽ അഞ്ചു പഞ്ചായത്തുകളിൽ നടപ്പാക്കി. രണ്ടാം ഘട്ടത്തിൽ 25 പഞ്ചായത്തുകളിലും മൂന്നാംഘട്ടത്തിൽ 31 പഞ്ചായത്തുകളിലും നടപ്പാക്കുന്നു. നഗരങ്ങളിൽ പദ്ധതി നടപ്പാക്കുന്നില്ല.

(സി) തടസ്സമില്ല.

ലോക ബാങ്ക് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

78 (970) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്ക് സഹായത്തോടെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ലോകബാങ്കിന്റെ വായ്പാ ധനസഹായം എത്രയാണ് ;

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പല വിധത്തിലും പദ്ധതി പണം പാഴായി പോകുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ പരാതി അന്വേഷിച്ച് അവ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000 ജനുവരിയിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 4-1-2001-ൽ ലോക ബാങ്കുമായി കരാർ ഒപ്പിടുകയും ചെയ്തു.

(ബി) ലോകബാങ്കിൽ നിന്നും 328.70 കോടി രൂപ വായ്പയായി ലഭിക്കുന്നതാണ്.

(സി) 34.00 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly